## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2025 12.02.2013 – ൽ മറുപടിക്ക്**

## ഹൗസ്ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. അൻവർ സാദത്ത്: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഹൗസ് ബോട്ട് ദുരന്തങ്ങൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) ഹൗസ് ബോട്ട് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ബോട്ടിന്റേയും യാത്രക്കാരുടെയും സുരക്ഷാ കാര്യങ്ങളിൽ യാതൊരു വിട്ടു വീഴ്ചയും അനുവദിക്കുന്നതല്ല. ജീവനക്കാർക്ക് സുരക്ഷാ കാര്യങ്ങളിൽ അവബോധം നൽകും. ജലാശയങ്ങൾക്ക് സുരക്ഷാ പരിശോധന നടപ്പാക്കുന്നതാണ്. യന്ത്രവൽകൃത ബോട്ടുകൾക്കുള്ള ചട്ടങ്ങളിൽ മാറ്റം വരുത്താനും Non - mechanised ബോട്ടുകൾ കെ.ഐ.വി യുടെ ചട്ടത്തിൻ കീഴിലാക്കാനും ഉദ്ദേശമുണ്ട്. |
| (ബി) ഹൗസ് ബോട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുവാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കെ.ഐ.വി റൂൾ 2010-ലെ ചട്ടങ്ങൾക്ക് വിധേയമാണ് ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്നത്. മേൽപ്പറഞ്ഞ ചട്ടം അനുശാസിക്കുന്ന ജീവൻ രക്ഷാ ഉപകരണങ്ങൾ, അഗ്നി ശമന ഉപകരണങ്ങൾ, സ്റ്റബിലിറ്റി ബുക്കുകൾ, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റുകൾ, കോമ്പറ്റൻസി സർട്ടിഫിക്കറ്റുള്ള ജീവനക്കാർ തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പു വരുത്തിയതിന് |

----2

ശേഷം ജലവാഹനം രജിസ്റ്റർ ചെയ്തു കൊടുക്കുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ സൂക്ഷിക്കേണ്ടത് നിർബന്ധമാണ്. സർട്ടിഫിക്കറ്റ് ഓഫ് സർവ്വേയുടെ കാലാവധി ഒരു വർഷമാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങൾ വർഷാവർഷം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ പുതുക്കേണ്ടതുണ്ട്. കൂടാതെ മിന്നൽ പരിശോധനകളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ അനുശാസിക്കുന്നവിധം ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പ് വരുത്താറുണ്ട്. കെ.ഐ.വി റൂൾ 2010 നിയമം നടപ്പിൽ വരുത്തുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റി, ചീഫ് എക്സാമിനർ, ചീഫ് സർവ്വേയർ, സർവ്വേയർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും, ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| (സി) | ഹൗസ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (സി) | ഈ കാര്യങ്ങൾ പരിശോധിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | മാനദണ്ഡങ്ങൾ പാലിക്കാത്ത ഹൗസ് ബോട്ടുകൾ കണ്ടു കെട്ടുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | |

സെക്ഷൻ ഓഫീസർ